(സി) പുതിയ തസ്തികകൾ അനുവദിച്ച് വകുപ്പ് ശക്തമാക്കിയ സാഹചര്യത്തിൽ നിലവിലുള്ള ഓഡിറ്റ് നിയമപ്രകാരം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടേയും സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളുടേയും ഓഡിറ്റ് കൂടുതൽ ശക്തമാക്കുന്നതിനാണ് വകുപ്പ് ഇപ്പോൾ ശ്രദ്ധിക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേക്കായി ഓരോ വർഷവും ക്രിയാത്മകമായ പരിപാടി നടപ്പിലാക്കി വരുന്നു. ഇതുമൂലം ഓരോ വർഷവുമുള്ള ഓഡിറ്റ് കുടിശ്ശിക ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. സമയ ബന്ധിതമായി കണക്കുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി വാർഷിക കണക്കുകളുടെ കുടിശ്ശികയിലും കുറവുണ്ടായിട്ടുണ്ട്.

കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

202 (269) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ പഞ്ചായത്തിൽപ്പെട്ട കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച് ഇനിയും ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) കെ.എസ്.എഫ്.ഇ. കാഞ്ഞാണി ശാഖയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാഞ്ഞാണി പ്രദേശത്ത് ശാഖ തുടങ്ങുന്നതിനുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമായ ഓഫീസ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.യിൽ പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ

203 (270) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് കാറ്റഗറിയിലേക്ക് പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ എത്ര ശതമാനം ആണ് ;

LIBRARY ARCHIVES Kerala Legislative Assembly